**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 665** **30-01-2024 - ൽ മറുപടിയ്ക്ക്**

**സിന്തെറ്റിക്ക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ കെ.എം.എം.എൽ.-ൽ നടപ്പിലാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് (CMRL) കമ്പനിയിൽ നിന്നും ചവറയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് സിന്തെറ്റിക്ക് റൂട്ടൈൽ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി കെ.എം.എം.എൽ. ടണ്ണിന് എത്ര രൂപയാണ് സി.എം.ആർ.എൽ. കമ്പനിക്ക് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് (CMRL) കമ്പനിയിൽ നിന്നും കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് സിന്തെറ്റിക്ക് റൂട്ടൈൽ വാങ്ങുന്നില്ല. |
| (ബി) | സി.എം.ആർ.എൽ. കമ്പനി സിന്തെറ്റിക്ക് റൂട്ടൈൽ തയ്യാറാക്കുന്നതിനുള്ള ധാതുമണലായ ഇൽമനൈറ്റ് ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിൽ നിന്നും വാങ്ങുന്നത് ടണ്ണിന് എത്ര രൂപാ നിരക്കിലാണെന്ന് അറിയിക്കാമോ; | (ബി) | സി.എം.ആർ.എൽ.,ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് എന്നിവ സംസ്ഥാന സർക്കാരിന്റെ ഭരണനിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങൾ അല്ല. |
| (സി) | ഇൽമനൈറ്റിൽ നിന്നും ഇരുമ്പ് വേർതിരിച്ച് സിന്തെറ്റിക്ക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ കെ.എം.എം.എൽ. കമ്പനിയിൽ നടപ്പിലാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | ഇൽമനൈറ്റിൽ നിന്നും ഇരുമ്പ് വേർതിരിച്ച് സിന്തെറ്റിക്ക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ കെ.എം.എം.എൽ -ൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ